**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **18-09-2025 - ൽ മറുപടിയ്ക്ക്**

**നിയന്ത്രിത നായാട്ട് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവനും സ്വത്തിനും കൃഷിക്കും നാശമുണ്ടാക്കുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി നിയന്ത്രിത നായാട്ട് നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ജനവാസമേഖലകളിൽ മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന അപകടകാരികളായ കാട്ടു പന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാ-രേയും സെക്രട്ടറിമാരേയും അധികാരപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി സ.ഉ.(കൈ) നം. 17/2025/ വനം തീയതി 28/05/2025 പ്രകാരം 27/05/2026 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. മറ്റ് വന്യജീവികളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സർക്കാർ ആലോചനയിലാണ്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദേശം തേടിയിരുന്നോ; വിശദമാക്കാമോ; | (ബി) | 1972 ലെ വന്യജീവി (സംരക്ഷണം) നിയമം പ്രകാരം കാട്ടു പന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് 06/06/2025 ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 11/06/2025 ന് നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന നിരാകരിച്ചുകൊണ്ട് നിയമത്തിലെ നിലവിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | വന നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ